ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്രകാരം ഒരു ചർച്ച ഗതാഗത വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ റെയിൽവേ മാനേജരും പാസഞ്ചേഴ്സ് അസോസിയേഷന്റെ പ്രതിനിധികളുമായി നടത്തിയിട്ടുണ്ട്.

(സി) യാത്രക്കാർ അഭിമുഖീകരിക്കുന്ന വിവിധ തരത്തിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനും പ്രധാനമന്ത്രിക്കും നിരവധി തവണ കത്തുകൾ അയച്ചിട്ടുണ്ട്.

89 (2650) മെട്രോ ട്രെയിൻ സർവ്വീസ്

ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മെട്രോ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) മെട്രോ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരത്ത് ഒരു ലൈറ്റ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം കൊണ്ടുവരുന്നതിന്റെ ഭാഗമായി ഒരു "കോംപ്രിഹെൻസീവ് ട്രാഫിക് ട്രാൻസ്പോർട്ടേഷൻ സ്റ്റഡി" നടത്തുന്നകാര്യം (സി.ടി.ടി.എസ്) സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) ഇതു സംബന്ധിച്ച സർവ്വേ നടത്തിയിട്ടില്ല.

(സി) തിരുവനന്തപുരത്ത് ഒരു ലൈറ്റ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം ഏർപ്പെടുത്താനായി സമഗ്ര ട്രാഫിക് പഠനം നടത്താൻ ഒരു ഏജൻസിയെ കണ്ടെത്താനായി ടെണ്ടർ വിളിക്കുകയും കുറച്ചുപേർ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ സജീവ പരിശോധനയിലാണ്.

90 (2651) ജലഗതാഗതം

ശ്രീ. എം.എ. തോമസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത സർവ്വീസ് ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly